## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1857 — 15.07.2016-ൽ മറുപടിയ്ക്ക്

## പടയണി എന്ന കലാരൂപം സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.വീണാജോർജ്ജ് | | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) | ആറന്മുള മണ്ഡലത്തിലെ കടമ്മനിട്ട, ഓതറ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ കലാരൂപമായ പടയണി സംരക്ഷിക്കപ്പെടേണ്ടതിന്റെ അനിവാര്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? വിശദമാക്കുമോ? | (എ) | തിരുവിതാംകൂറിലെ നാടൻകലകളിൽ സുപ്രധാനമായ കലാരൂപമാണ് പടയണി. പടയണി ഉൾപ്പെടെ തിരുവിതാംകൂറിലെ മുഴുവൻ നാടൻ കലകളുടെയും സ്ഥിരം പ്രദർശനം, ഗവേഷണം എന്നിവയ്ക്കായി ഫോക് ലോർ അക്കാദമിയുടെ നേതൃത്വത്തിൽ തിരുവിതാംകൂർ ഫോക് വില്ലേജ് കോട്ടയം ജില്ലയിലെ വെള്ളാവൂരിൽ മണിമലയാറിന്റെ തീരത്ത് നിർമ്മാണ പ്രവർത്തനം പൂർത്തിയായി വരുന്നുണ്ട്. പടയണിക്ക് ലൈവ് മ്യൂസിയം ഈ വില്ലേജിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഈ സർക്കാർ പുതുക്കിയ ബഡ്ജറ്റിൽ പടയണി കലാകാരന്മാരെ കൂടി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പ്രതിമാസം 750/-രൂപ വീതമുള്ള പെൻഷൻ പുതുക്കിയ ബഡ്ജറ്റിൽ 1500/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ